ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10.08.2026**

## പ്രധാനവാർത്തകൾ

1. 1. നീറ്റ് വിഷയത്തിൽ ഇന്നും പാർലമെൻറിൽ പ്രതിപക്ഷ ബഹളം. ലോക് സഭ ഇന്നത്തേക്ക് പിരിഞ്ഞു. ട്രൈബ്യൂണൽ റിഫോംസ് ബിൽ 2026 ലോക് സഭ പാസാക്കി.

2. കടലിൽപോകുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അനുയോജ്യമായ രക്ഷാപ്രവർത്തന സംവിധാനം ഏർപ്പെടുത്തുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ.

3. ഇന്ത്യ – യുഎസ് നാവികസേനകളുടെ സ്ഫോടകവസ്തു നിർവീര്യമാക്കൽ അഭ്യാസപ്രകടനത്തിന് കൊച്ചിയിൽ തുടക്കമായി.

4. സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ അനന്തമായ സാധ്യതകളാണ് ഉള്ളതെന്നും പഠനം മുടങ്ങിയവർ തുടർവിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി എൻ ഷംസുദ്ദീൻ.

5. വിദ്യാർഥികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന് സ്കൂളുകളിൽ 'കതിര്' കാർഷിക ക്ലബ് പദ്ധതി ആരംഭിക്കുമെന്ന് മന്ത്രി ടി. സിദ്ദിഖ്.

RNU TVPM

6. സംസ്ഥാനത്ത് കർക്കടക വാവ് ബലിതർപ്പണത്തിനുള്ള മുന്നൊരുക്കങ്ങൾ അവസാന ഘട്ടത്തിൽ. വിപുലമായ ഗതാഗത സംവിധാനമൊരുക്കി കെ.എസ്.ആർ.ടി.സി യും കൊച്ചി മെട്രോയും.

## പാർലമെൻറ്

നീറ്റ് വിഷയത്തിൽ ഇന്നും പാർലമെൻറിൽ പ്രതിപക്ഷ ബഹളം. ലോക് സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാവിലെ സഭ തുടങ്ങിയത് മുതൽ നിരവധി തവണ നടപടികൾ തടസ്സപ്പെട്ടു. അതിനിടെ ട്രൈബ്യൂണൽ റിഫോംസ് ബിൽ 2026 ലോക് സഭ പാസാക്കി. കേന്ദ്ര സഹമന്ത്രി അർജുൻ റാം മേഘ് വാൾ ആണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. കേരള പുനർ നാമകരണം ബില്ലും ദേശീയ സഹകരണ വികസന കോർപ്പറേഷൻ ബില്ലും ഇന്ന് ലോക് സഭയിൽ അവതരിപ്പിച്ചു. രാജ്യസഭയിൽ നടപടികൾ പുരോഗമിക്കുകയാണ്. ബാങ്കേഴ്സ് ബുക്ക്സ് എവിഡൻസ് ബിൽ 2026 കേന്ദ്രമന്ത്രി നിർമലാ സീതാരാമൻ സഭയിൽ അവതരിപ്പിച്ചു.

## റിജിജു

വിദ്യാർത്ഥി പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് പാർലമെന്റിൽ വിശദമായ ചർച്ചയ്ക്ക് സർക്കാർ തയ്യാറാണെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. പ്രതിപക്ഷത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സന്നദ്ധനാണെന്നും സഭ നടപടികൾ തടസ്സപ്പെടുത്തുന്നതിൽ നിന്ന് പ്രതിപക്ഷം പിന്മാറണമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

## മുഖ്യമന്ത്രി -കൊല്ലം

സംസ്ഥാനത്ത് കടലിൽപോകുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്ന തിന് അനുയോജ്യമായ രക്ഷാപ്രവർത്തന സംവിധാനം ഏർപ്പെടുത്തു മെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. കടലിൽകാണാതായ കൊല്ലം സ്വദേശി ഗൗതംകൃഷ്ണയുടെ വീട്ടിലെത്തി കുടുംബാംഗങ്ങളെ സന്ദർശിച്ച

PNUTVPM

ശേഷമാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. വനംവകുപ്പ് മന്ത്രി ഷിബുബേബി ജോൺ ഒപ്പമുണ്ടായിരുന്നു. ഗൗതമിനെ കണ്ടെത്തുന്ന തിനായി പ്രതികൂലകാലാവസ്ഥയെ മറികടന്നുകൊണ്ട് സർവ സംവിധാന ങ്ങളും സംയോജിപ്പിച്ചുള്ള തിരച്ചിലാണ് തുടരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയ്സ്)

## വിഴിഞ്ഞം – ആഭ്യന്തരമന്ത്രി

വിഴിഞ്ഞത്ത് കടലിൽ കാണാതായ മത്സ്യത്തൊഴിലാളി ജോണിന്റെ വീട് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയും ഫിഷറീസ് മന്ത്രി വി.ഇ. അബ്ദുൾ ഗഫൂറും സന്ദർശിച്ചു. ജോണിന്റെ കുടുംബത്തിന് സർക്കാരിന്റെ പൂർണ പിന്തുണ ഉറപ്പുനൽകി. നിരന്തരം അപകടങ്ങൾ നടക്കുന്ന മുതലപ്പൊഴിയുമായി ബന്ധപ്പെട്ട് വിഷയം പഠിച്ച് ശാശ്വത പരിഹാരം കാണുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ശ്രീ രമേശ് ചെന്നിത്തല വ്യക്തമാക്കി.

## കതിര് - മന്ത്രി ടി സിദ്ദിഖ്

വിദ്യാർഥികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ 'കതിര്' കാർഷിക ക്ലബ് പദ്ധതി ഉടൻ ആരംഭിക്കുമെന്ന് മന്ത്രി ടി സിദ്ദിഖ്. കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി സംസ്ഥാന കോൺക്ലേവ് കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കൃഷിയിൽ ഏർപ്പെടുന്ന വിദ്യാർഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്ന സംവിധാനം നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

## മന്ത്രി എൻ ഷംസുദ്ദീൻ

സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ അനന്തമായ സാധ്യതകളാണ് ഉള്ളതെന്നും പഠനം മുടങ്ങിയവർ തുടർവിദ്യാഭ്യാസത്തിന്റെ സാധ്യതകൾ

RNU TVPM

പ്രയോജനപ്പെടുത്തണമെന്നും മന്ത്രി എൻ ഷംസുദ്ദീൻ. ഇടുക്കി ജില്ലയിലെ തുല്യതാ കോഴ്സുകളുടെ രജിസ്ട്രേഷൻ കാംപയിൻ തൊടുപുഴയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തുടർപഠനത്തിന് സാക്ഷരതാ മിഷന്റെ നാലാം തരം മുതൽ ഹയർ സെക്കൻഡറി വരെയുള്ള തുല്യതാ കോഴ്സുകൾ പ്രയോജനപ്പെടുത്താൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

## ഇന്ത്യ-യുഎസ് നാവികസേന അഭ്യാസപ്രകടനം

ഇന്ത്യ – യുഎസ് നാവികസേനകളുടെ സ്ഫോടകവസ്തു നിർവീര്യമാക്കൽ അഭ്യാസപ്രകടനത്തിന് കൊച്ചി ദക്ഷിണ നാവിക കമാൻഡിൽ തുടക്കമായി. സ്ഫോടകവസ്തു നിർവീര്യമാക്കൽ മേഖലയിൽ ഇരു രാജ്യങ്ങളുടെയും നാവികസേനകൾ തമ്മിലുള്ള സഹകരണവും പരസ്പര പ്രവർത്തനക്ഷമതയും കൂടുതൽ ശക്തിപ്പെടുത്തുകയാണ് അഭ്യാസ ത്തിന്റെ ലക്ഷ്യം. അഭ്യാസപ്രകടനം വെള്ളിയാഴ്ച സമാപിക്കും.

PMU TVPM

## ഡിജിറ്റൽ സ്ക്വയർ

പൊതുവിദ്യാഭ്യാസ മേഖലയിലെ എൽ.പി, യു.പി വിഭാഗങ്ങളിൽ ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള 'ഡിജിറ്റൽ സ്ക്വയർ' പദ്ധതിയിലേക്ക് വിദ്യാലയങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ള സ്കൂളുകൾ ഓഗസ്റ്റ് 13-നകം കൈറ്റ് ജില്ലാ ഓഫീസിൽ ഇ-മെയിൽ മുഖേന അപേക്ഷ നൽകണം. വിശദാംശങ്ങൾ www.kite.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹർ ഘർ തിരംഗ

രാജ്യത്ത് സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി ഹർ ഘർ തിരംഗ പ്രചാരണത്തിന് തുടക്കമായി. ദേശീയ പതാക ഉയർത്താനും ദേശസ്നേഹം, ദേശീയ ഐക്യം, ഇന്ത്യയുടെ സാംസ്കാരിക പൈതൃകം എന്നിവ ആഘോഷിക്കാനും പൗരന്മാരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം.

## കർക്കടക ബലി

സംസ്ഥാനത്ത് കർക്കടക വാവ് ബലിതർപ്പണത്തിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. മറ്റെന്നാളാണ് കർക്കടക വാവ്. പ്രധാന ക്ഷേത്രങ്ങളി ലെല്ലാം ബലിതർപ്പണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും. ത്രിമൂർത്തി സംഗമസ്ഥാനമായ തിരുനാവായയിൽ കർക്കടകവാവുബലിതർപ്പണം ബുധനാഴ്ച പുലർച്ചെ രണ്ട് മണിക്ക് തുടങ്ങും. തിരുവല്ലം പരശുരാമ സ്വാമി ക്ഷേത്രം, വർക്കല പാപനാശം, ശംഖുംമുഖം കടപ്പുറം എന്നിവിട ങ്ങളിലും പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാവ് ബലിയോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് നാളെ തൃപ്പൂണിത്തു റയിൽ നിന്നും ആലുവയിലേക്ക് രാത്രി പതിനൊന്നേകാലിനും, പതിനൊന്നരയ്ക്കും സർവീസ് ഉണ്ടായിരിക്കും. കെ.എസ്.ആർ.ടി.സി യും വിപുലമായ ഗതാഗത സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്.

## എറണാകുളം - വാവ് (ഇൻട്രോ)

സംസ്ഥാനത്തിൻറെ വിവിധഭാഗങ്ങളിൽ നിന്നായി ആയിരക്കണക്കിനാളു കൾ കർക്കടകവാവ് ബലിതർപ്പണത്തിനായി എത്തുന്ന ആലുവ മണപ്പുറത്ത് ബലിതർപ്പണത്തിനായുള്ള ഒരുക്കങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. ബുധനാഴ്ച പുലർച്ചെ മുതൽ നടക്കുന്ന ബലിതർപ്പണത്തിനായി മുൻവർഷങ്ങളേക്കാൾ കൂടുതൽ തിരക്ക് പ്രതീക്ഷിക്കുന്നതായി അധികൃതർ അറിയിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ

(വോയ്സ്)

## കർക്കടക വാവുബലി: ഹരിതചട്ടം

വാവുബലിയോടനുബന്ധിച്ച് ക്ഷേത്രപരിസരങ്ങളിലും കടവുകളിലും കടൽത്തീരങ്ങളിലും നടക്കുന്ന ബലിതർപ്പണച്ചടങ്ങുകൾക്ക് ഹരിതചട്ടം കർശനമാക്കി ശുചിത്വമിഷൻ. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പരമാവധി ഒഴിവാക്കി പുനരുപയോഗിക്കാവുന്ന വസ്തുക്കൾ

RNUTVPM

ഉപയോഗിക്കണം. ബലിതർപ്പണത്തിന് ശേഷം മാലിന്യങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ഒരുക്കിയിട്ടുള്ള മാലിന്യശേഖരണ സംവിധാനങ്ങളിൽ നിക്ഷേപിക്കണമെന്നും നിർദ്ദേശമുണ്ട്.

## പത്തനംതിട്ട (ഇൻട്രോ)

ആറന്മുള പള്ളിയോട സേവാ സംഘവും തിരുവിതാംകൂർ ദേവസ്വം ബോർഡും സംയുക്തമായി ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നടത്തിവരുന്ന ദേവസങ്കീർത്തന സോപാനം വഞ്ചിപ്പാട്ട് മത്സരം 2026 മൂന്നു ദിനങ്ങൾ പിന്നിട്ടു. ഓഗസ്റ്റ് 23നാണ് സമാപന സമ്മേളനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ

(വോയ്സ്)

## മഴ – സംസ്ഥാനം

സംസ്ഥാനത്ത് മഴയുടെ ശക്തി കുറയുന്നുണ്ടെങ്കിലും മഴക്കെടുതികൾ തുടരുന്നു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കന്യാകുമാരി തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

RNU TVPM